മേൽ പ്രോജക്റ്റ് പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് തുകയായി 2023-24 വർഷത്തിൽ 2062005/-രൂപ നല്കിയിട്ടുണ്ട്. ഇതിന്റെ "DELIVERE റിപ്പോർട്ട് ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.4/11-10-24) ക്ക് UTR Statement ആണ് ഹാജരാക്കിയത്. അതു ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ട്."DELIVERED STATUS" റിപ്പോർട്ട് ഇതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുള്ളതിനാൽ ഇതിന്റെ "DELIVERED STATUS ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-19 മഴക്കാലപൂർവ്വ ശുചീകരണം-ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടില്ല.**

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വൗച്ചർ നം. 22300576/26-10-23 പ്രകാരം 13 10000രൂപ വീതം ആകെ 130000/- കൊടുത്തിട്ടുണ്ട്. അതുപോലെ ശുചിത്വമിഷൻ ഫണ്ട് മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടക്കും എന്ന വ്യവസ്ഥയിൽ തനതുഫണ്ടിൽ നിന്നും 22300132/27-5-23 പ്രകാരം 10000/- രൂപ വീതം 13 വാർഡുകളിലേക്കുമായി 130000/- പൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ചിരിക്കുന്നത്. 22-23 ലും ടി വ്യവസ്ഥയിൽ ത നിന്നും ഇതുപോലെ 130000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതും നാളിതുവരെ ലഭ്യമായി വർഷങ്ങളിലുമായി ആകെ 260000/- രൂപ ശുചിത്വമിഷനിൽ നിന്നും ലഭിക്കാനുള ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാ

## 1-20-1 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേ എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബ എണ്ണം, Burning Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്. പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് പരിപാലനം

2023 ഫെബ്രുവരി മുതൽ ഒരു വർഷകാലത്തേയ്ക്ക് തെരുവുവിളക്കുകളുടെ റി മെയിന്റനൻസിനുമായി 4,90,000/-രൂപ അടങ്കൽ നിശ്ചയിച്ച് ടെണ്ടർ ക്ഷ അടിസ്ഥാനത്തിൽ സുരേഷ് കോര, വാതക്കാട്, മുളന്തുരുത്തി എന്ന വ്യക്തി എസ്റ്റി കരാറേറ്റെടുക്കുകയും (കരാർ തീയതി-03.02.2023) രണ്ട് പ്രോജക്ടുകൾ മുഖേന പഞ്ചാ എ.എം സി തുക നൽകുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം ₹1,43,768/-രൂപയു നമ്പർ-22/23 ) തൻ വർഷം 176/24(SO)-ാം നമ്പർ പ്രോജക്ട് മുഖേന ₹3,46,232/-രൂ എ.എം.സി തുകയായി നൽകിയത്. തൻവർഷം തുക നൽകിയതിന്റെ വിവരങ്ങൾ താഴെ

| തുക | ഫണ്ടിനം | ബിൽ നം, തീയതി |
|---|---|---|
| 91112/- | വികസന ഫണ്ട് | 342/11.01.24 |
| 229608/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്) | 427/02.03.24 |
| 25512/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്) | 444/15.03.24 |
| ആകെ-3,46,232/ | | |

<u>പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ</u>

എ) തെരുവ് വിളക്കുകൾ നന്നാക്കിയിട്ടുണ്ടെന്ന് ഓരോ വാർഡിലേയും മെമ്പർമാ സാക്ഷ്യപത്രം (വിളക്കുകളുടെ തരം, എണ്ണം എന്നിവ ഉൾപ്പെടുത്തിയത്) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് കൃത്യമാണോ എന്ന് പരിശോധിച്ചുറപ്പിക്കാ ആധികാരിക രേഖകൾ ലഭ്യമല്ല.

ബി) ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

സി) ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, വാട്ട്സ് എന്നിവ
സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഡി) രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം
(സി.എഫ്.എൽ-325, ട്യൂബ്-118, ബൾബ്-176, സോഡിയം വേപ്പർ ലാമ്പ്-41) എന്നാൽ
തീയതിയിലെ BB1/SL/PVM/15-16.ാം നമ്പർ കത്തനുസരിച്ചുള്ള കെ.എസ്.ഇ.ബിയുടെ
ഓർഡിനറി ബൾബ്(176എണ്ണം), ഡബിൾട്യൂബ്(118എണ്ണം), സി.എഫ്.എൽ 2x11
സി.എഫ്.എൽ 1x18 (100എണ്ണം) സോഡിയം വേപ്പർ ലാമ്പ് (41എണ്ണം) എന്നിങ്ങനെ
ആകെ 516 തെരുവുവിളക്കുകളാണുള്ളത്. കരാറുകാരൻ ഹാജരാക്കിയ ഇൻ
വിളക്കുകളുടെ എണ്ണം 1299 ആണ്(40Wബൾബ്-21, ട്യൂബ്-95, 9Wബൾബ്-1043,
എൽ.ഇൽ.ഡി ലൈറ്റ്-140) എൽ.ഇ.ഡി ലൈറ്റുകൾ ഓഡിറ്റിനായി ഹാജരാക്കി
പ്രകാരമുള്ള കെ.എസ്.ഇ.ബി യുടേയും പഞ്ചായത്തിന്റേയും കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഇ) അറ്റകുറ്റപ്പണികളുടെ ഭാഗമായി ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടോ
സ്ഥാപിച്ചിട്ടുള്ളത് നിലവിലുണ്ടായിരുന്ന ഇനം തന്നെയോണോ എന്നും വ്യക്തമ
പരിശോധിക്കുന്നതിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങളുടെ ബിൽ പോലുള്ള രേഖകളൊന്ന
ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച
വിവരങ്ങൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കുള്ള
നിശ്ചയിച്ചതും കരാറുകാരന് തുക നൽകിയതും എങ്ങനെയെന്ന് വിശദമാക്കുവാൻ ആവ
(എൻക്വയറി നം.2/10.10.2024) പഞ്ചായത്ത് പരിധിയിലെ മുഴുവൻ വിളക്കുകളും ഒരു
അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചതെന്ന്
കെ.എസ്.ഇ.ബി ഓഫീസിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം 516 തെരുവുവിളക്കുകളാ
മറുപടിയിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വിളക്കുകളുടെ എണ്ണത്തിലെ വ്യത്യാസം വി
സംയുക്ത പരിശോധനയ്ക്കും മീറ്റർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കു
വ്യക്തമാക്കി.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

എ) കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത
തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.

ബി) തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

സി) സംയുക്ത പരിശോധന നടത്തിയതിന് ശേഷം വിളക്കുകളുടെ വിശദാംശങ്ങൾ
തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## <u>1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -ഐ.കെ.എം</u>

| | |
|---|---|
| പ്രോജക്ട്.നം | 9/24 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം അടക്കൽ |
| അടങ്കൽ | 1,00,000/-(വികസന ഫണ്ട് ) |
| ചെലവ് | 1,00,000/-<br>(ബിൽ.നം-56,<br>തീയതി 03/07/23) |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ട് മുഖേന 1,( ഐ.കെ.എം വിഹിതമായി കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല നം-01/07.10.24). വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1,00,000/-രൂപ( തടസ്സപ്പെടുത്തുന്നു.

**1-22 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-കെ.എസ്.ഇ.ബി**

| | |
|---|---|
| പ്രോജക്ട്.നം | 214/24 |
| പ്രോജക്ടിന്റെ പേര് | രാജീവ് ഗാന്ധി സാംസ്കാരിക നിലയം -ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 2,80,224/-(എസ്.സി.പി ) |
| ചെലവ് | 2,80,224/-<br>(ബിൽ.നം 291 തീയതി. 21/12/23) |
| നിർവഹണോദ്യോഗസ്ഥ | സെക്രട്ടറി |

രാജീവ് ഗാന്ധി സാംസ്കാരിക നിലയത്തിന് സമീപമുള്ള ഇലക്ട്രിക് പേ സ്ഥാപിക്കുന്നതിലേയ്ക്ക് മേൽ പ്രോജക്ട് മുഖേന 2,80,224/- രൂപ കെ.എസ്.ഇ.ബിയിൽ എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പിറവം) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ (എൻക്വയറി നം-01/07.10.24 തടസ്സപ്പെടുത്തുന്നു.

**1-23 വിഹിതം കൈമാറൽ-ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്ര ഹാജരാക്കിയില്ല**

സെക്രട്ടറി നടപ്പാക്കിയ താഴെച്ചേർത്ത പ്രോജക്ടുകൾ മുഖേന എബിസി പദ്ധതി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 01/07.10.24).

1)

| | |
|---|---|
| പ്രോജക്ട്.നം | 212/24 |
| പ്രോജക്ടിന്റെ പേര് | എബിസി പദ്ധതി അടിസ്ഥാന സൗകര്യവികസനം |
| അടങ്കൽ | 1,04,545/-(വികസന ഫണ്ട് ) |
| ചെലവ് | 1,04,545/-<br>(ബിൽ നം.-151 തീയതി. 03/10/23) |

2)

| | |
|---|---|
| പ്രോജക്ട്.നം | 273/24 |
| പ്രോജക്ടിന്റെ പേര് | എബിസി പ്രോഗ്രാം |
| അടങ്കൽ | 75,000/-(വികസന ഫണ്ട് ) |
| ചെലവ് | 50,000/-<br>(ബിൽ.നം 362 തീയതി 20/01/24) |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ മേൽ പ്രോജക്ടുകൾക്കായി കൈമാറിയ രൂപ (104545+50000) തടസ്സപ്പെടുത്തുന്നു.

**1-24 കനാൽ സംരക്ഷണഭിത്തി നിർമാണം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയി**

| | |
|---|---|
| പ്രോജക്ട്.നം | 266/24 |
| പ്രോജക്ടിന്റെ പേര് | തൊണ്ടിയേടത്തുകഴി കളത്തനാൽ താഴം കനാൽ സംരക്ഷണഭിത്തി നിർമാണം |
| അടങ്കൽ | 1,00,000/-<br>(എസ്.സി.പി ) |
| ചെലവ് | 1,00,000/-<br>(ബിൽ.നം 592<br>തീയതി 28/03/24) |
| നിർവഹണോദ്യോഗസ്ഥ | സെക്രട്ടറി |

കനാൽ സംരക്ഷണഭിത്തി നിർമിക്കുന്നതിലേയ്ക്ക് മേൽ പ്രോജക്ട് മുഖേന 1,00,000/- രൂ വാലി ഇറിഗേഷൻ പ്രോജക്ട് (PVIP) അസിസ്റ്റന്റ് എൻജിനീയർക്ക് കൈമാറിയിട്ടു പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹1,00,000/- യുടെ നം.01/07.10.24) ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 പൊതുശ്മശാനം/കളിസ്ഥലം ഭൂമി വാങ്ങൽ-തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ തുക ക്രമീകരിക്കേണ്ടതാണ്.**

| പൊതുശ്മശാനത്തിന് ഭൂമി വാങ്ങൽ | | പൊതു കളിസ്ഥലം വാങ്ങ | |
|---|---|---|---|
| പ്രോജക്ട് നം | 81/24 | പ്രോജക്ട് നം | 82/24 |
| അടങ്കൽ | ആകെ – 75,00,000<br>1) വികസന ഫണ്ട് -10,00,000/-<br>2) ജില്ല പഞ്ചായത്ത് വിഹിതം-50,00,000/-<br>3)ബ്ലോക്ക് പഞ്ചായത്ത്-15,00,000/- | അടങ്കൽ | ആകെ - 1,14,00,000<br>1)ധനകാര്യകമ്മീഷ<br>ഗ്രാന്റ്-4,00,000/-<br>2)ജില്ലപഞ്ചായത്ത്<br>1, 10,00,000/- |
| ചെലവ് | 8,39,885/-<br>(വികസന ഫണ്ട്) | ചെലവ് | 4,00,000/-<br>(ധനകാര്യകമ്മീഷൻ |
| ബിൽ നം, തീയതി, തുക | 1) 507/24.03.24, 4,00,000/-<br>2) 550/24.03.24, 4,39,885/- | ബിൽ നം, തീയതി, തുക | 1) 428/02.03.24, 3,<br>2) 443/15.03.24, 4 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ രണ്ട് പ്രോജക്ട പൊതുശ്മശാനം, കളിസ്ഥലം എന്നിവയ്ക്ക് ഭൂമി വാങ്ങിയിരുന്നു. ആയതിലേയ്ക്ക് പൊതുജനങ്ങ താത്പര്യപത്രം ക്ഷണിച്ചും നടപടിക്രമങ്ങൾ പാലിച്ചും ശ്രീ തോമസ് മത്തായി, പെരിയപ്പുറം, എന്ന വ്യക്തിയിൽ നിന്നാണ് സെന്റൊന്നിന് 64000/-രൂപ നിരക്കിൽ സ്ക്വ.മീ ഭൂമി (197.55 സെന്റ്) വാങ്ങിയത്. ആദായനികുതിയിനത്തിൽ 1,26,43 അഡ്വാൻസായി നൽകിയ 1000/-രൂപയും കുറച്ച് തനത് ഫണ്ടിൽ നിന്നും 1,25,15,768/- നമ്പർ 599355/07.03.24 തുക-63,00,000/-, 599356/07.03.24,തുക-62,15,768/-) മത്തായിക്ക് അനുവദിച്ച് നൽകുകയും ചെയ്തു. പദ്ധതി വിഹിതം ലഭ്യമാകാ നേരിടുന്നതിനാൽ തനത് ഫണ്ടിൽ നിന്നും സ്ഥലമുടമയ്ക്ക് മുൻകൂറായി തുക നൽകുവാനും ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യുവാനുമുള്ള പഞ്ചായത്ത് കമ്മിറ്റി തീര (തീരുമാനം നമ്പർ-1(6), തീയതി-23.01.24) അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്.

വിൽപ്പനക്കാരന് അനുവദിച്ച 1,25,15,768/-രൂപയിൽ 12,39,885/-രൂപ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ രണ്ട് പ്രോജക്ടുകൾ മുഖേന തനത് ഓഡിറ്റ് വർഷം തന്നെ അടവാക്കിയിട്ടുണ്ട്. എന്നാൽ ജില്ല പഞ്ചായത്ത് വിഹിതം ലഭ്യ ആയത് ഉൾപ്പെടെ തനത് ഫണ്ടിലേയ്ക്ക് ലഭ്യമാകുവാനുള്ള ബാക്കി തുക (1,12,75,883/-) എ ക്രമീകരിക്കുന്നതെന്ന് വിശദീകരിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം മറുപടിയായി 50 ലക്ഷം രൂപയുടെ ബിൽ ട്രഷറിയിൽ നൽകിയെങ്കിലും ട്രഷറി നിയ പാസായില്ലായെന്നും ടി തുകയ്ക്ക് സ്പിൽ ഓവറായി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നു പൊതുശ്മശാനത്തിനും കളിസ്ഥലത്തിനും കൂടി ഒറ്റ പ്ലോട്ടിലുള്ള വാങ്ങിയിരിക്കുന്നതെന്നതിനാൽ ശ്മശാനത്തിനരികെ കളിസ്ഥലം എന്ന ആശയം പ്രായോഗികമാക്കും എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ശ്മശാന നി വസ്തുവിന്റെ ഒരു ഭാഗം മാത്രമാണ് ഉപയോഗിക്കുന്നതെന്നും ബാക്കി ഭാഗമാണ് ക വിഭാവനം ചെയ്തിരിക്കുന്നതെന്നും വ്യക്തമാക്കി. ശ്മശാനനിർമാണ അനുമതിയ്ക്കായി ഡയറക്ടർ എൽ.എസ്.ജി.ഡി, എൻവയൺമെന്റ് എൻജിനീയർ മലിനീകരണ നിയന്ത്ര ജില്ല കളക്ടർ എന്നിവർക്ക് 18.09.2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും വ്യ ഭൂമി വാങ്ങലിനായി തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവാക്കിയതും എന്നാ അടവാക്കാത്തതുമായ 1,12,75,883/-രൂപയിൽ 50,00,000/-രൂപ അടുത്ത വർഷത്തെ പദ്ധതിയിൽ പെടുത്തി ജില്ല പഞ്ചായത്ത് വിഹിതം ലഭ്യമാക്കി ക്രമീകരിക്കേണ്ട 62,75,883/-രൂപ തുടർന്ന് വരുന്ന വാർഷികപദ്ധതികളിൽ പദ്ധതി ക്രമപ്പെടുത്തേണ്ടതാണ്. അതേ സമയം തന്നെ ശ്മശാന നിർമാണത്തിനായുള്ള ത്വരിതപ്പെടുത്തേണ്ടതുമാണ്. ശ്മശാനത്തിനരികെ കളിസ്ഥലം എന്നതിന്റെ പ്രായോഗി വിശദമായി ഭരണ സമിതി ചർച്ച ചെയ്യേണ്ടതുമാണ്.

## <u>1-26 ഇലക്ഷൻ നിക്ഷേപം മുതൽകൂട്ടിയില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് പ്രകാരം, തദ്ദേശ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പുണ്ട് (കോഡ് നം-340100303) ഡെപ്പോ പ്രകാരം മേൽ തുക 19.11.2020 തീയതിയിൽ വിവിധ സ്ഥാന നിക്ഷേപിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ തെരഞ്ഞെടുപ്പിൽ വിജയം/പ്രസ്തുത എണ്ണം വോ സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികൾ സ വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി മേൽ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം അറിയിക്കുവാനാവ (എൻക്വയറി.നം-11/12.10.24) പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുന്നതാണെന്നറിയ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി രേഖകൾ ഹാജരാക്കേണ്ടതാണ്.

## <u>1-27 പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ-വിനിയോഗിക്കുന്നില്ല</u>

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പ
യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റുക
വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി എവിടെ നിന്ന് ലഭിച്ചതെന്നും സംബന്ധിച്ച് വ
ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-14/12.10.24 ) നൽകിയ മറുപടി കൂടി പ
വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | നീക്കിയിരുപ്പിന്റെ വിശ |
|---|---|---|---|---|---|---|
| പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (320100145) | 2675 | 0 | 2675 | 0 | 2675 | കുടുംബശ്രീമിഷനിൽ നി 01/03/22 ൽ ലഭിച്ച 2 ല ്രൂപയിൽ ചെലവ് കഴി |
| ടോട്ടൽ സാനിട്ടേഷൻ (320100181) | 237997 | 0 | 237997 | 0 | 237997 | ശുചിത്വ മിഷനിൽ നിന്ന വർഷങ്ങളിൽ ലഭിച്ച തി കഴിഞ്ഞുള്ള തുക |
| വിമുക്തി (320100190) | 10350 | 0 | 10350 | 0 | 10350 | എക്സൈസ് വകുപ്പിൽ നി വർഷങ്ങളിൽ ലഭിച്ച തി കഴിഞ്ഞുള്ള തുക |
| കേന്ദ്രഗവൺമെന്റ്-അവാർഡ് (320100105) | 848189 | 0 | 848189 | 0 | 848189 | കേന്ദ്രസർക്കാരിൽ നിന്ന രാഷ്ട്രീയ ഗ്രാമസഭ പുരസ്ക ലഭിച്ച 10 ലക്ഷം ്രൂപയി കഴിഞ്ഞുള്ള തുക |
| നിർമൽ പുരസ്കാരം (320100191) | 117030 | 0 | 117030 | 0 | 117030 | 31.03.12 ൽ ലഭിച്ച 29371 ചെലവ് കഴിഞ്ഞുള്ള തുക |
| അവാർഡ്-മികച്ച പഞ്ചായത്ത്-സംസ്ഥാനതലം (320100200) | 802170 | 0 | 802170 | 0 | 802170 | 20-21, 21-22, 22-23 ആർദ്ര കേരളപുരസ്കാരമ ലക്ഷം ്രൂപയിൽ ചെല തുക |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320200399) | 553024 | 0 | 553024 | 0 | 553024 | 2016-17, 17-18 വർഷങ്ങള ആരോഗ്യകേരളപുരസ്കാര 8 ലക്ഷം ്രൂപയിൽ ചെല കഴിഞ്ഞുള്ള തുക |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസീസ് (320300199) | 21738 | 0 | 21738 | 0 | 21738 | തുകയുടെ വിശദാംശം ല |
| ഫണ്ട്-അലോപ്പതി-ക്യാപ്പിറ്റൽ (320200206) | 150000 | 0 | 150000 | 0 | 150000 | കേന്ദ്രആരോഗ്യമന്ത്രാല നിന്നും 13.01.22 ൽ ലഭ ്രൂപയിൽ ചെലവ് കഴി |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320300103) | 889141 | 0 | 889141 | 0 | 889141 | ശുചിത്വമിഷനിൽ ന വർഷങ്ങളിൽ ലഭിച്ചത കഴിഞ്ഞുള്ള തുക |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (320500101) | 4483 | 0 | 4483 | 0 | 4483 | മണീട് പി എച്ച് സി ക്ക ബി പി.സി.എൽ ൽ ന ൽ സി.എസ്.ആർ ഫണ്ട തുകയിൽ ചെലവിന് ശേ |

മേൽ തുകകൾ നിശ്ചിത ഉദ്ദേശ്യങ്ങൾക്കായി വിനിയോഗിച്ച് ബാധ്യത നിന്നൊഴിവാക്കേണ്ടതാണ്.

**1-28 വീട് വാസയോഗ്യമാക്കൽ -പുനരുദ്ധാരണം പൂർത്തിയാക്കിയില്ല-തുക തടസ്സപ്പെട്ട**

| | |
|---|---|
| പ്രോജക്റ്റ് നം. | 99/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഏഴക്കരനാട് സർക്കിൾ |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ എസ്.സി. |
| അടങ്കൽ | ₹10,00,000/-(എസ്.സി.പി) |
| ചെലവ് | ₹10,00,000/- |
| ബിൽ.നം, തീയതി, തുക | 1)179/18.10.23, 150000/-<br>2)185/27.10.23, 25000/-<br>3)195/04.11.23, 25000/-<br>4)204/07.11.23, 100000/-<br>5)225/16.11.23, 25000/-<br>6)231/22.11.23, 50000/-<br>7)240/28.11.23, 50000/-<br>8)243/28.11.23, 100000/-<br>9)242/28.11.23, 75000/-<br>10)268/13.12.23, 50000/-<br>11)347/15.01.24, 50000/-<br>12)535/24.03.24, 75000/-<br>13)545/24.03.24, 150000/-<br>14)551/24.03.24,75000/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേ മുഖേന അസിസ്റ്റന്റ് എൻജിനീയർ നൽകുന്ന വാല്വേഷന്റെ അടിസ്ഥാനത്തിൽ പരമാവധ രൂപ വരെ സബ്സിഡി ഗുണഭോക്താക്കൾക്ക് അനുവദിക്കുവാനാണ് ഉദ്ദേശിച്ച പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) ഗുണഭോക്താക്കളുമായി ഏർപ്പെട്ടിരിക്കുന്ന കരാറുകളെല്ലാം തന്നെ രേഖ ഒന്നുമില്ലാതെയാണ് സൂക്ഷിച്ചിരിക്കുന്നത്.

ബി) അബ്സ്ട്രാക്ട് എസ്റ്റിമേറ്റിൽ വാല്വേഷൻ എന്ന് രേഖപ്പെടുത്തിയതാണ് എൻജിനീയർ നൽകുന്ന വാല്വേഷൻ സർട്ടിഫിക്കറ്റായി പരിഗണിച്ച് ഉൾപ്പെടുത്തിയിരിക്കുന്നത്. ചിലതിൽ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് തന്നെ വാല്വേഷൻ ആയി തുക നൽകിയിരിക്കുന്നു. ഗുണഭോക്താക്കളുടെ പേര്, വീട്ടുപേര്, പ്രോജക്ട് നം, പ്രോജ പുനരുദ്ധാരണത്തിന് ചെലവായ തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ നിശ്ചിത മേ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

ബി)താഴെപ്പറയുന്ന നാല് ഗുണഭോക്താക്കൾ നാളിതുവരെ ഭവനപുനരുദ്ധാരണം വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, കരാർ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1. | ഓമന കുമാരൻ, പാറാളത്തിൽ 30.10.23 | ₹50,000/- |
| 2. | ശാന്ത അയ്യപ്പൻ, മുണ്ടക്കമൊളേൽ 20.02.24 | ₹25,000/- |
| 3. | കുഞ്ഞുമെയ്യ, കാരക്കാട്ടിൽ 30.09.23 | ₹75,000/- |
| 4. | കുഞ്ഞുമോൾഅയ്യപ്പൻ, അനന്തവിലാസം 10.10.23 | ₹75,000/- |
| | ആകെ | ₹2,25,000/- |

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-17/15.10.24) മറുപടിയായി കരാറുക രേഖപ്പെടുത്തി വയ്ക്കുന്നതാണെന്നും വാല്വേഷൻ സർട്ടിഫിക്കറ്റ് നിശ്ചിത ഫോർമാ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഓമന കുമാരൻ, ശാ കുഞ്ഞുമെയ്യ, കുഞ്ഞുമോൾഅയ്യപ്പൻ എന്നീ നാല് ഗുണഭോക്താക്കളുടെ പുനരുദ്ധാരണ അന്തിമ ഘട്ടത്തിലാണെന്നും ആനുകൂല്യതുക നൽകുന്നതിലേയ്ക്ക് സ്പിൽ ഓവറാ വച്ചിട്ടുണ്ടെന്നും അറിയിച്ചു. മേൽ നാല് ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാര പൂർത്തീകരിച്ച് വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ഇവർക്കായി ₹2,25,000/-രൂപ തടസ്സപ്പെടുത്തുന്നു. ഭവന നിർമ്മാണ/പുനരധിവാസ പദ്ധതികൾ ഗുണ പ്രയോജനകരമാകുന്ന വിധത്തിൽ പൂർത്തിയാക്കുന്നതുവരെ മോണിറ്ററിംഗ് സമിതി വ നടത്തേണ്ടതാണ്.

## 1-29 മാതൃവന്ദനം-75 വയസ് പൂർത്തിയായ അമ്മമാരെ ആദരിക്കൽ- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ - ₹66,304/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 256/24 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | മാതൃവന്ദനം-75 വയസ് പൂർത്തിയായ അമ്മമാരെ ആദരിക്കൽ |
| ആകെ അടങ്കൽ തുക | ₹1,50,000/-എസ്.സി.പി. |
| ആകെ ചെലവ് | ₹1,50,000/-<br>ബിൽ നം- 549, തീയതി-24.03.24 |

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള 75 വയസ് പൂർത്തിയായ അമ്മമാരെ ആദ മേൽ പ്രോജക്ടിലൂടെ അമ്മമാർക്ക് പോഷകാഹാരക്കിറ്റും കോടിയും നൽകുന്നതിനോടൊ ഉല്ലാസത്തിന് ഒരു ദിവസം വേദിയൊരുക്കുകയുമാണ് ലക്ഷ്യമിട്ടത്. താഴെചേർക്കും പ്രക ലക്ഷം രൂപ ചെലവഴിച്ചത്. (ഈ തുകയിൽ 81226/-രൂപ മുൻകൂറായി തനത് ഫ ചെലവഴിച്ചിട്ടുള്ളതും പിന്നീട് പദ്ധതി വിഹിതം ലഭ്യമായപ്പോൾ റീക്കുപ്പ് ചെയ്തിട്ടുള്ളതുമാണ

| ക്രമ. നം | ചെലവിനം | വാങ്ങിയ എണ്ണം | ചെലവഴിച്ച തുക | സ്ഥാപനം, ബിൽ |
|---|---|---|---|---|
| 1 | പോഷകാഹാരക്കിറ്റ് വാങ്ങൽ | 325 Packet @260.49/- | 68774 (ആകെ ബിൽതുക 84660 രൂപയാണ് ) | എറണാകുളം ഡിസ്ട്രി ഹോൾസെയിൽ കോ ഓപ്പറേറ്റീവ് കൺസ |

| | | | | |
|---|---|---|---|---|
| | | | | കാക്കനാട് (ബിൽ.നം-E/1339/2 |
| 2 | ഷാൾ വാങ്ങൽ | 325 Nos @125/- | 40626 | രാധാകൃഷ്ണ ടെക്സ്റ്റൈ എറണാകുളം (ബിൽ.നം-A8793, 1 |
| 3 | ഭക്ഷണം | 1)ഊണ് 350 Nos@98/- 2)ചായ, വട @18/- 350 എണ്ണം | 40600 | പഴയിടത്ത് കാറ്ററിം രാമമംഗലം |
| ആകെ | | | 150000 | |

<u>പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ</u>

17.02.2024 തീയതിയിൽ നടത്തിയ പരിപാടിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ (മഹ മിനിറ്റ്സ് പേജ് 19 മുതൽ 24 വരെ) 153 പേരാണ് പങ്കെടുത്തതായി കാണുന്നത്. അംഗങ്ങളുടെ ഹാജർ (കൈയൊപ്പ്) രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 153 പേർ പരിപാടിക്കായി 325 എണ്ണം ഭക്ഷണക്കിറ്റും ഷാളും വാങ്ങിയിട്ടുണ്ട്. 153 വിതരണരേഖകൾ ഹാജരാക്കുവാനും ബാക്കി 172 എണ്ണം ഷാളുകളുടേയും കിറ്റുകളുടേ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടതിന് (എൻക്വയറി.നം-19/15.10.24) പദ്ധ ഗുണഭോക്താക്കൾ ഉണ്ടായിരുന്നെന്നും ആ എണ്ണത്തിനനുസരിച്ചാണ് സാധനങ്ങൾ വാ ആയവ പരിപാടിയിൽ പങ്കെടുത്ത 153 പേർക്ക് വിതരണം ചെയ്തെങ്കിലും പ്രാ ഗുണഭോക്താക്കളെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക മിനിറ്റ്സിൽ ഒപ്പ് ഇടീക്കാതിരുന്നതെന്നും അറിയിച്ചു. ബാക്കി വന്ന ഷാളുകൾ ര രാധാകൃഷ്ണ ടെക്സ്റ്റൈൽസിന് തിരികെ നൽകിയിട്ടുള്ളതും ആയത് വസ്ത്രമായി തി ലഭ്യമാകുന്നതിലേയ്ക്ക് ക്രെഡിറ്റ് നോട്ട് ലഭ്യമായി എന്നും ഹരിതകർമസേ ആദരിക്കുന്നതിലേയ്ക്ക് വസ്ത്രം വാങ്ങുവാൻ ആയത് ഉപയോഗപ്പെടുത്തു പോഷകാഹാരക്കിറ്റ് അധികം വന്നത് പാലിയേറ്റീവ് രോഗികൾക്ക് വിതരണം വിശദീകരിച്ചു. മേൽ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

എ) രാധാകൃഷ്ണ ടെക്സ്റ്റൈൽസിൽ നിന്നുള്ള ക്രെഡിറ്റ് നോട്ട് (നം-CR76, തീയതി-16.10. കാലാവധി എന്ന് വരെ വാലിഡ് ആണ് എന്ന് നോട്ടിൽ സൂചിപ്പിച്ചിട്ടില്ല) പ്രകാരം 2250 വസ്ത്രം തിരികെ ലഭിക്കുന്നതാണ്. യഥാർത്ഥത്തിൽ 21500/- രൂപയാണ് (325-153X@125 ലഭിക്കേണ്ടത്. ആയതിനാൽ 21500/- രൂപയ്ക്കുള്ള വസ്ത്രം വാങ്ങി രേഖകൾ ഹാജരാക്കു തുക തടസ്സപ്പെടുത്തുന്നു.

ബി)പോഷകാഹാരക്കിറ്റ് അധികം വന്നത് (172 എണ്ണം) പാലിയേറ്റീവ് രോഗികൾക്ക ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നത് വ വാങ്ങുവാൻ ചെലവഴിച്ച 44804/-രൂപ (172X@260.49/-) തടസ്സപ്പെടുത്തുന്നു.

സൂചിത രേഖകൾക്കൊപ്പം മേൽ വാങ്ങലുകൾ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതി
മോണിട്ടറിംഗ് റിപ്പോർട്ടും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ഡോ ബി ആർ അംബേദ്ക്കർ ഹാളിലേയ്ക്ക് കസേര, ഉപകരണങ്ങൾ വാങ്ങൽ-അം

| | |
|---|---|
| പ്രോജക്ട് നം. | 182/24(SO) |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | ഡോ ബി ആർ അംബേദ്ക്കർ ഹാളിലേയ്ക്ക് കസേര, ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹3,69,000/-<br>3,68,433-എസ്.സി.പി<br>567-തനത് ഫണ്ട് |
| ചെലവ് | ₹3,68,970/-<br>1) ₹368433 ബിൽ.നം- 505, തീയതി-24.03.24<br>2) ₹537- ചെക്ക്.നം-091496,തീയതി28.03.24 |

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് മൂന്ന് തരത്തിലുള്ള കസേരകൾ ജെം പോർട്ടൽ മു
എസ്.ആർ.ടി ആന്റ് കമ്പനി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്റ്റോക്കി
കമ്മ്യൂണിറ്റിഹാളിൽ സൂക്ഷിച്ചിട്ടുണ്ട്. വാങ്ങലിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം | ചെലവിനം | വാങ്ങിയ എണ്ണം | ചെലവഴിച്ച തുക | സ്ഥാപനം, ബിൽനം, |
|---|---|---|---|---|
| 1 | കസേര - വിത്ത് ആം | 200 എണ്ണം @600/- | 120000 | എസ്.ആർ.ടി ആന്റ് കമ്പ<br>ബിൽ.നം-SRT/SV3638/2 |
| 2 | കസേര - വിത്ത് ഔട്ട് ആം | 290 എണ്ണം @600/- | 174000 | എസ്.ആർ.ടി ആന്റ് കമ്പ<br>ബിൽ.നം-SRT/SV3639/2 |
| 3 | കസേര- വിത്ത് ആം-മൾട്ടി കുഷ്യൻഡ് മൗൾഡഡ് | 30എണ്ണം @2499/- | 74970 | എസ്.ആർ.ടി ആന്റ് കമ്പ<br>ബിൽ.നം-SRT/SV3641/2 |
| ആകെ | | | 368970 | |

<u>പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ</u>

എ) വാങ്ങലുകൾ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.
ബി) രണ്ടര ലക്ഷം രൂപയ്ക്ക് മേലെയുള്ള വാങ്ങലായിരുന്നിട്ടും കരാർ തുകയിൽ നിന്നും 2
ടി.ഡി.എസ് കുറവ് ചെയ്തില്ല.

പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം-20/15.10.24)
കമ്മിറ്റി അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതാണെന്നും ജി.എസ്.ടി
ഈടാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകുന്നതാണെന്നും അറിയിച്ചു. പ്രോക്യൂർ
മിനിറ്റ്സ് ഹാജരാക്കേണ്ടതും ടിഡിഎസ് ഈടാക്കി ജി.എസ്.ടി വക
വിവരമറിയിക്കേണ്ടതുമാണ്.

## 1-31 ഗാർഹിക ശൗചാലയം- നിർമാണം പൂർത്തീകരിച്ചില്ല- ചെലവ് ₹2,46,000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 232/24 |
| പ്രോജക്ടിന്റെ പേര് | ഗാർഹിക ശൗചാലയ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മണീട് സർക്കിൾ |
| അടങ്കൽ | ₹8,00,800/-<br>₹176800-ധനകാര്യകമ്മീഷൻ അവാർഡ്<br>₹624000-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | ₹246000-കേന്ദ്രാവിഷ്കൃത ഫണ്ട്<br>(പി.എഫ്.എം.എസ്- നെഫ്റ്റ്) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേ മുഖേന 41 ഗുണഭോക്താക്കൾക്ക് ശൗചാലയം നിർമിക്കുവാൻ തൻവർഷം 6000/- അനുവദിച്ചിട്ടുണ്ട്. 246000/-രൂപയുടെ സാംഖ്യ ബില്ലും പി.എഫ്.എം.എസ് പേയ്മെന്റ് സ്റ്റേറ്റ്മെന്റും 11 ഗുണഭോക്താക്കളുടെ അപേക്ഷകളും മാത്രമാണ് പ്രോജക്ട് ഫയലിൽ ഉ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം മറുപടി നൽകിയില്ല.

1) ആനുകൂല്യം കൈപ്പറ്റിയ താഴെ ചേർക്കുന്ന 30 ഗുണഭോക്താക്കളുടെ ( ഹാജരാക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | തങ്കപ്പൻ ഇ എൻ |
| 2 | കാർത്യായനി |
| 3 | സുമ രഘുനാഥ് |
| 4 | അമ്മിണി സത്യൻ |
| 5 | അമ്മിണി |
| 6 | സാലി |
| 7 | ലക്ഷ്മിക്കുട്ടി ചന്ദ്രൻ |
| 8 | രാജൻ പി എ |
| 9 | സൂസൻ കെ വൈ |
| 10 | സൂസന്ന പത്രോസ് |
| 11 | തങ്കപ്പൻ വി സി |
| 12 | കുറുമ്പ കാവലൻ |
| 13 | സുജ |
| 14 | മേരി |
| 15 | രാജലക്ഷ്മി |
| 16 | മേരി ജോർജ് |
| 17 | സലീന ഐസക് |
| 18 | ലക്ഷ്മി വിജയൻ |
| 19 | കാർത്യായനി കെ ടി |
| 20 | ദിലീപ് കുമാർ കെ എം |
| 21 | മാധവൻ |
| | |

| | |
|---|---|
| 22 | ചിന്നമ്മ |
| 23 | എൽസമ്മ |
| 24 | സാറക്കുട്ടി |
| 25 | സന്തോഷ് പി വി |
| 26 | സാറാമ്മ |
| 27 | ഗിരിജ |
| 28 | തങ്കമ്മ ജനാർദ്ധനൻ |
| 29 | ബിജ്ജു പീറ്റർ എ |
| 30 | ഓഞ്ചി പാലൻ |

2) പ്രോജക്ടിലൂടെ വിവക്ഷിക്കുന്ന ആകെ ധനസഹായം എത്ര രൂപയാണെന്നും മേൽ പ്രേ അനുവദിച്ചത് അഡ്വാൻസ് തുക ആണോയെന്നും ഇനി നൽകേണ്ട തുക എ( എന്നിങ്ങനെ പ്രോജക്ട് സംബന്ധിച്ച അധിക വിവരങ്ങൾ ലഭ്യമായില്ല (സുലേഖ പ്രോ ഫയലിനൊപ്പം സമർപ്പിച്ചിട്ടില്ല) ആനുകൂല്യ തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ട
3) പരിശോധനയ്ക്ക് ഹാജരാക്കിയ 11 അപേക്ഷകൾ (ശശി .കെ.എ, മനോജ്, സുരേഷ് .ന കുട്ടപ്പൻ, കുഞ്ഞുമോൾ തമ്പി, ലളിത രാജ്ജു, രമണി, തങ്കമ്മ, ഓമന പ്രസാദ്, കൃഷ്ണൻ) പരിമ ടി ഗുണഭോക്താക്കളാരും തന്നെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയതിന്റെ അപേക്ഷകളുടെ അഭാവത്തിൽ മറ്റ് 40 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീ എന്നതും വ്യക്തമല്ല.

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് മറുപടി നൽകാത്തതിനാലും ഗുണഭേ അപേക്ഷകളും നിർമാണം പൂർത്തീകരിച്ചു എന്നുള്ള വാല്യേഷൻ ( ഹാജരാക്കാത്തതിനാലും മേൽ പ്രോജക്ടിനായി ചെലവഴിച്ച 246000/-രൂപ തടസ്സപ്പെടുത്ത

**<u>1-32 വി.ഇ.ഒ മണീട് നടപ്പാക്കിയ പ്രോജക്ടുകൾ- ചെലവ് രേഖകൾ ഹാജരാക്കിയില്ല- ‍ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>**

1)

| | |
|---|---|
| പ്രോജക്ട് നം. | 240/24 |
| പ്രോജക്ടിന്റെ പേര് | ആശ്രയ-അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് യൂസർ ഫീ ഇളവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് സർക്കിൾ |
| അടങ്കൽ | ₹27,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹27,000/- ബിൽ നം. 433 തീയതി.02.03.24 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേ പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.
27000/-രൂപയുടെ സാംഖ്യ ബില്ലും അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ട 37 ഗുണഭോ ആശ്രയ വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കൾക്കും ഒരു വർഷത്തേക്ക് 600/-രൂപ (

27000/-രൂപ (37x600+8x600) ഹരിത കർമസേനയുടെ കൺസോർഷ്യം അ
അനുവദിച്ച കൊണ്ടുള്ള നടപടിക്രമവും മാത്രമാണ് പരിശോധനയ്ക്ക് നൽകിയത്. ഗുണ
പേര് വിവരങ്ങൾ, അവർ ആശ്രയ-അതിദരിദ്യ വിഭാഗത്തിൽ പെട്ടതാണെന്ന്
രേഖകൾ, തുക കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് അനുവദിച്ചതിന്റെ കാരണം, ക
അക്കൗണ്ട് സ്റ്റേറ്റ്മെന്റ്/പാസ് ബുക്ക് പകർപ്പ്, സുലേഖ പ്രോജക്ട് ഫോ
ഹാജരാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം-23/16.10.24 ) മറുപടി നൽകിയില്ല
അഭാവത്തിൽ ₹27,000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നം. | 87/24 |
| പ്രോജക്ടിന്റെ പേര് | ഹരിതകർമസേന പ്രവർത്തനം, വാഹനവാടക മുതലായവ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് സർക്കിൾ |
| അടങ്കൽ | ₹1,00,000/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | ₹1,00,000/-<br>ബിൽ നം. 573 തീയതി. 25.03.24 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ
ബന്ധപ്പെട്ട് 100000/-രൂപയുടെ സാംഖ്യ ബില്ല് മാത്രമാണ് പരിശോധനയ്ക്ക് നൽകി
കർമസേനയുടെ കൺസോർഷ്യം അക്കൗണ്ടിലേയ്ക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതി
വ്യക്തമാക്കേണ്ടതാണ്. വാഹനം വാടകയ്ക്കെടുത്തതിന്റെ കരാർ, ക്വട്ടേഷൻ, പഞ്ചായ
തീരുമാനം, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ഹരിത കർമസേനയുടെ മറ്റ് പ്രവർത്തന
ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ എന്നിവ ഹാജരാക്കുവാനാവശ്യപ്പെട്ടതിന്
നം-23/16.10.24 ) മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ ₹1,00,000/- രൂപ
തടസ്സപ്പെടുത്തുന്നു.

**<u>1-33 അതിദരിദ്രരായവർക്ക് മരുന്ന് നൽകൽ - ഗുണഭോക്താക്കൾക്ക് മരുന്നുകൾ വിത</u>**
**<u>ചെയ്തിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S0 109/24,<br>അതിദരിദ്രരായവർക്ക് മരുന്ന് നൽകൽ |
| അടങ്കൽ (ഫണ്ട്) | 2,85,000<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 2,85,000 /- |
| ബിൽ റെഫറൻസ് നം/തിയതി | BRN No:23120352099200958649/19.12.2023 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

അതിദരിദ്രരായ ഗുണഭോക്താക്കൾക്ക് അവശ്യ മരുന്നുകൾ സൗജന്യമായി ലഭ്യമാകുക
പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന ന്യൂനതകൾക്കു മറുപടി ലഭ്യമാക്കുവാൻ എന്
21/16.10.24 ആവശ്യപ്പെട്ടിരുന്നു.

1. സുലേഖ പത്രിക പ്രകാരം ആകെ 2,85,000 രൂപ മരുന്നിനായി ചെലവഴിച്ചതിൽ KMS
239673/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, PRF264
എന്നിവ പ്രകാരം KMSCL ൽ നിന്നുള്ള 45327/- രൂപക്കുള്ള മരുന്നുകൾ ലഭ്യമായതായി ക

2. "അതിദരിദ്രർ " ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഉൾപ്പെടുത്തി കാണുന്നില്ല.

3. വാങ്ങിയ **ജീവൻ രക്ഷ മരുന്നുകൾ** വിതരണം ചെയ്തിട്ടില്ല.

ന്യൂനതകൾക്കു മറുപടിയായി "അതിദരിദ്രർ " ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്, ബാ
രൂപ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട് എന്ന് അ
മരുന്നുകൾ ലഭ്യമാക്കി വിതരണം നടത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എന്നാൽ മൂന്നാമത്തെ ഉപ ചോദ്യത്തിന് ജീവൻ രക്ഷ മരുന്നുകൾ ഒരു പൊതു പ
സംഘടിപ്പിച്ചു വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നും ആയതിന് പഞ്ച
സമിതി തീരുമാനം കൈകൊണ്ടു എന്നും മറുപടി നൽകി, എന്നാൽ ഭരണ സമിതിയു
തെളിവായി ഹാജരാക്കിയിട്ടില്ല .

ജീവൻ രക്ഷാ മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതു ആ
ഗുണഭോകതാവിനു ഉപകാരപ്പെട്ടില്ലെങ്കിൽ പൊതു പണം ഉപയോഗിച്ച് നടപ്പാക്കിയ പ
ജനങ്ങൾക്കു പ്രയോജനം ഇല്ലാതാകും. മാത്രമല്ല, വികസനഫണ്ട് ചെലവഴിച്ച് വാങ്ങി
ഗുണഭോക്താക്കൾ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ്. അവർക്കുള
പൊതു പരിപാടിയിൽ, പൊതുവേദിയിൽ വെച്ച് വിതരണം ചെയ്യുന്നത് ഉചിതമല്ല.
മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം നടത്താൻ നിർവ്വഹണോ
മുൻകൈ എടുക്കേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ
ചെയ്ത പദ്ധതി നടപ്പിലാക്കാൻ ഒരു പൊതുവേദിക്കും, പൊതുപരിപാടിക്കുമായി കാത്ത്
അഭിലഷണീയമല്ല. ഗുണഭോക്താക്കളുടെ ആത്മാഭിമാനത്തിന് ക്ഷതമേൽക്കാത്ത വിധത
നടപ്പിലാക്കാനും, മരുന്നുകൾ അടിയന്തിരമായി വിതരണം ചെയ്യാനും
കൈക്കൊള്ളേണ്ടതാണ്.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന പദ്ധതികൾ നടപ്പാക്കുമ്പേ
കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്ര

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്ര

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് ന |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ള | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെല |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 12000 | തരിശ് നെൽകൃഷി വികസനം | 12000 |
| | | 315730 | സമഗ്രനെൽകൃഷി വികസനം | 31573 |
| | | 880000 | ലൈഫ് ജനറൽ | 88000 |
| | | 1040000 | ലൈഫ് എസ്.സി.പി | 10400 |
| | | 84066 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 84066 |
| | | 637005 | പാലിന് സബ്സിഡി | 63700 |
| | | 9,00,000 | വിജയഭേരി സ്കോളർഷിപ്പ് | 9,00,0 |
| | ആകെ | 3868801 | | 38688 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 12000 | തരിശ് നെൽകൃഷി വികസനം | 12000 |
| | | 406270 | സമഗ്രനെൽകൃഷി വികസനം | 40627 |
| | | 925000 | പാലിന് സബ്സിഡി | 92500 |
| | | 1520000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 15200 |
| | | 1600000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 16000 |
| | | 244234 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 24423 |
| | | 58850 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (SO) | 58850 |
| | | 353732 | ചീരക്കാട്ടു പാറ സബ്സെന്റർ നവീകരണം | 35373 |
| | | 449730 | ആസാദ് എൽ.പി സ്കൂൾ പാചകപ്പുര നിർമ്മാണം | 44973 |
| | | 600000 | ലീഡിംഗ് ചാനൽ നിർമ്മാണം | 60000 |
| ആകെ | | 6169816 | | 61698 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | രാജീവ് ഗാന്ധി സാംസ്കാരിക നിലയം -ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 291/21.12.23 | 280224 | 0 | 28 |
| പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് | തൊണ്ടിയേടത്തുകുഴി കളത്തനാൽത്താഴം കനാൽ സംരക്ഷണഭിത്തി നിർമാണം | 592/28.03.24 | 100000 | 0 | 10 |

മേൽ തുകകൾ വാർഷിക കണക്കിലെ ആർപി47 ഹെഡിൽ അഡ്വാൻസായി ഉൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ ബാലൻസ് ഷീറ്റ് ബി-18 ക്രമീകരിക്കുവാനുള്ളതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്ക തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വാ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.08.2018 | 5422329 | 1235999 | 4620000 | *1810330 | 0 | |

**തിരിച്ചടവിന്റെ വിശദാംശങ്ങൾ**

*1)277/24- 209504/-(ലൈഫ് ജനറൽ)

2)271/24-209506/-(ലൈഫ് ജനറൽ)

3)274/24-209506/-(ലൈഫ് ജനറൽ)

4)272/24-393938/-(ലൈഫ് എസ്.സി.പി)

5)275/24-393938/-(ലൈഫ് എസ്.സി.പി)

6)278/24-393938/-(ലൈഫ് എസ്.സി.പി)

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 0.00 |
| ആകെ | 1,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000.00 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 88759/7.4.2022 | 50,000.00 |
| 2 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 86586/26.1.2022 | 50,000.00 |
| ആകെ | | | 1,00,000.00 |

സ്ഥിരനിക്ഷേപത്തിന്റെ പലിശ വരവ് തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ ( അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,52,91,531.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,20,75,981.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,83,400 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 7,39,000 | ഡോ വിപിൻ മോഹൻ ടി.എം., മെഡിക്കൽ ഓഫീസർ, എഫ |
| 1-21 | 1,00,000 | ശ്രീമതി അനിമോൾ കെ, സെക്രട്ടറി |
| 1-22 | 2,80,224 | ശ്രീമതി അനിമോൾ കെ, സെക്രട്ടറി |
| 1-23 | 1,54,545 | ശ്രീമതി അനിമോൾ കെ, സെക്രട്ടറി |
| 1-24 | 1,00,000 | ശ്രീമതി അനിമോൾ കെ, സെക്രട്ടറി |
| 1-28 | 2,25,000 | ശ്രീ അനിൽ.കെ.ജോസ്, വി.ഇ.ഒ ഏഴക്കരനാട് |
| 1-29 | 66,304 | ശ്രീമതി ആശ കെ.പി, സെക്രട്ടറി ഇൻ ചാർജ് |
| 1-31 | 2,46,000 | ശ്രീ മോഹൻദാസ് കെ. സി, വി.ഇ.ഒ, മണീട് |
| 1-32 | 27,000 | ശ്രീ മോഹൻദാസ് കെ. സി, വി.ഇ.ഒ, മണീട് |
| 1-33 | 45,327 | ഡോ വിപിൻ മോഹൻ ടി.എം., മെഡിക്കൽ ഓഫീസർ, എഫ |
| ആകെ | 19,83,400 | |

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ**

ഖണ്ഡിക-1-30
തുക- 7379/-രൂപ (ജി.എസ്.ടി ടി.ഡി.എസ്)
ഉത്തരവാദിയായ ഉദ്യോഗസ്ഥ- ശ്രീമതി ആശ.കെ.പി, സെക്രട്ടറി ഇൻ ചാർജ്

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)** **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപേരും** | **ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിേ** |
|---|---|---|
| ഡോ. വിപിൻ മോഹൻ ടി.എം. മെഡിക്കൽ ഓഫീസർ | എഫ്.എച്ച്.സി, മണീട് | ശ്രീവത<br>കുഴയറ്റി |
| ഡോ.ബിന്ദു ബി പണിക്കർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹോമിയോ, മണീട് | മാധവം,<br>മരട് (പ |
| ശ്രീ. മോഹൻദാസ് കെ. സി, വി.ഇ.ഒ, മണീട് | വി.ഇ.ഒ, മണീട് | കൊച്ചുപ<br>ഇലഞ്ഞ |
| ശ്രീമതി അനിമോൾ കെ, സെക്രട്ടറി | സെക്രട്ടറി,<br>മണീട് ഗ്രാമപഞ്ചായത്ത് | ശിവമ<br>പാഴൂർ പ<br>പിറവം |
| ശ്രീമതി ആശ.കെ.പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>മണീട് ഗ്രാമപഞ്ചായത്ത് | കുഴിപ്പന<br>മുളന്തുരു |
| ശ്രീ അനിൽ.കെ.ജോസ് വി.ഇ.ഒ, ഏഴക്കരനാട് | വി.ഇ.ഒ, ഏഴക്കരനാട് | കൊച്ചുപ<br>ഇലഞ്ഞ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർ അവശേ ഖണ്ഡ |
|---|---|---|
| 1992-93 & 1993-94 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(I)/22 തീ.13.12.2022 | |
| 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(IV)/22 തീ.13.12.2022 | |
| 1998-99 (വരവ്) | എൽ.എഫ്.ഇ.(പി1) 1741/07 തീ.15.05.2009 | |
| 1998-99 (ചെലവ്) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(V)/22 തീ.13.12.2022 | |
| 1999-2000 (വരവ്) | എൽ.എഫ്.ഇ.(പി1) 1740/07 തീ.02.05.2009 | |
| 1999-2000 (ചെലവ്) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VI)/22 തീ.13.12.2022 | |
| 2000-01 (വരവ്) | എൽ.എഫ്.ഇ. (പി1)1739/07 തീ. 17.09.09 | |
| 2000-01 (പദ്ധതി) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VII)/22 തീ.13.12.2022 | |
| 2002-03 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VIII)/22 തീ.13.12.2022 | |
| 2004-05 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(IX)/22 തീ.13.12.2022 | |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/I/ 2018/14.9.2018 | |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/II/ 2018/14.9.2018 | |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/III/ 2018/14.9.2018 | |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/IV/ 2018/14.9.2018 | |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/V/ 2018/14.9.2018 | |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VI/ 2018/14.9.2018 | |
| 2011-12& 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VII/ 2018/14.9.2018 | |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VIII/ 2018/14.9.2018 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2266/18/7.5.2019 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1071/2020/14.12.2020 | |
| 2017-18 | -ടി- | |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1860/21 തീ 16.10.2021 | |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.6) 485/2021 / 15.12.2021 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി.6) 927/2022 / 11.08.2022 | |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി.6) 67/2023 /31.03.2023 | |
| 2022-23 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1193/2023 /12.09.2023 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഒ

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 14-06-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Maneedu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Maneedu Grama Panchayat as on 31-03-2024

**Date: 02/11/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Maneedu Grama Panchayat for the Year 2023-2024.**

## 1.Major Observations

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

## 2.Other Observations

1. Property tax figures do not match between the annual financial statements and Sanchaya figures.

2. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

3. Net increase / decrease in cash and cash equivalents does not match with difference between opening balance and closing balance in the cash flow statement.

4. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5. Amount of Rs 280224/- &Rs 100000/- deposited in KSEB &PVIP respectively is not included in RP Advance head & not shown in B18 Schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്